## പതിമൂന്നാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 2826 — 20-03-2015 -ൽ മറുപടിക്ക്

### കൊയിലാണ്ടി മണ്ഡലത്തിൽ ഫ്ലഡ് ഫണ്ടിൽ ഉൾപ്പെടുത്തി ഭരണാനുമതി നൽകിയിട്ടുള്ള പ്രവൃത്തികൾ

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ. കെ.ദാസൻ | | ശ്രീ.അടൂർ പ്രകാശ് (റവന്യൂവും കയറും വകുപ്പ് മന്ത്രി) |
| എ) | കൊയിലാണ്ടി മണ്ഡലത്തിൽ ഫ്ലഡ് ഫണ്ടിൽ ഉൾപ്പെടുത്തി നാളിതുവരെ ഭരണാനുമതി നൽകിയിട്ടുള്ള പ്രവൃത്തികൾ ഏതെല്ലാം; വർഷം തിരിച്ച് വിശദമാക്കാമോ; | എ) | മണ്ഡലാടിസ്ഥാനത്തിൽ ഭരണാനുമതി നൽകാറില്ല. |
| ബി) | ഫ്ലഡ് ഫണ്ട് വർക്കുകളുടെ പുരോഗതി വിലയിരുത്തുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കണമെന്നാവശ്യപ്പെട്ട് നിയമസഭാ സാമാജികർ ജില്ലാ കളക്ടർക്ക് നിർദ്ദേശം നൽകിയിരുന്നുവോ; നിർദ്ദേശത്തെ തുടർന്ന് ജില്ലാ കളക്ടർ ഫ്ലഡ് ഫണ്ട് പ്രവൃത്തികളുടെ പുരോഗതി വിലയിരുത്തുന്നതിന് യോഗം വിളിച്ചിരുന്നുവോ; എങ്കിൽ പ്രസ്തുത യോഗത്തിൽ പങ്കെടുത്തവർ ആരെല്ലാം; യോഗത്തിന്റെ മിനിട്സ് ലഭ്യമാക്കാമോ; | ബി) & സി) | നിർദ്ദേശം നൽകിയിരുന്നു. എം.എൽ.എ. എസ്.ഡി.എഫ്. ഫ്ലഡ് റോഡ് പ്രവൃത്തികൾ എന്നിവയുടെ പുരോഗതി അവലോകന യോഗം സംയുക്തമായിട്ടാണ് വർഷം തോറും നടത്താറുള്ളത്. ആയതിന്റെ അടിസ്ഥാനത്തിൽ കൊയിലാണ്ടി നിയോജകമണ്ഡലത്തിൽ 04.03.2014-ന് യോഗം വിളിച്ചിരുന്നു. പങ്കെടുത്തവരുടെ വിവരങ്ങൾ ഉൾപ്പെടെയുള്ള യോഗത്തിന്റെ മിനിട്സ് അനുബന്ധമായി ചേർക്കുന്നു. |
| സി) | എം.എൽ.എ. നിർദ്ദേശിച്ചിട്ടും യോഗം വിളിച്ച് പ്രവൃത്തികൾ വിലയിരുത്തിയില്ലെങ്കിൽ അതിനുള്ള കാരണം വിശദമാക്കാമോ; | | |
| ഡി) | കൊയിലാണ്ടി മണ്ഡലത്തിലെ ഫ്ലഡ് ഫണ്ട് വർക്കുകളുടെ കാര്യത്തിൽ സമയബന്ധിതമായി നടപടികൾ മുന്നോട്ട് പോവാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | ഡി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| ഇ) | കൊയിലാണ്ടി മണ്ഡലത്തിൽ നഗരസഭയിലെയും ഓരോ പഞ്ചായത്തിലും ഭരണാനുമതി ലഭിച്ച ഫ്ലഡ് ഫണ്ട് പ്രവൃത്തികളിൽ ഇതുവരെയും എസ്റ്റിമേറ്റ് സമർപ്പിക്കാത്ത പ്രവൃത്തികൾ ഏതെല്ലാം; ഈ പ്രവൃത്തികൾക്ക് എസ്റ്റിമേറ്റ് തയ്യാറാക്കേണ്ടുന്ന ഉദ്യോഗസ്ഥരുടെ പേര് വിവരം വിശദമാക്കാമോ; | ഇ) | നിയോജകമണ്ഡലാടിസ്ഥാനത്തിൽ വിവരം ലഭ്യമല്ല. |
| എഫ്) | നടപ്പിലാവാത്ത പ്രവൃത്തികളിൽ ഭരണാനുമതി കാലയളവ് കഴിഞ്ഞ് പോയിട്ടുള്ള പ്രവൃത്തികൾ ഏതെല്ലാം; ഈ പ്രവൃത്തികളുടെ ഭരണാനുമതി പുതുക്കി നൽകുന്നതിന് നടപടികൾ സ്വീകരിക്കുമോ? | എഫ്) | ഫ്ലഡ് പ്രവൃത്തികളുടെ കാലാവധി 2 വർഷമാണ്. കാലാവധി കഴിഞ്ഞിട്ടും പൂർത്തിയാകാത്ത പ്രവൃത്തികൾ റദ്ദാക്കിയതായി കണക്കാക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ

ശ്രീനിവാസൻ

## മിനുട്സ്

04/03/2015 ന് കൊയിലാണ്ടി റസ്റ്റ് ഹൗസിൽ ബഹു.എം.എൽ.എ ശ്രീ കെ ദാസൻ എന്നവരുടെ അധ്യക്ഷതയിൽ കൊയിലാണ്ടി നിയോജക മണ്ഡലത്തിൽ നടന്നുകൊണ്ടിരിക്കുന്ന എം.എൽ.എ.എസ്.ഡി.എഫ്/ഫ്ളഡ് പ്രവർത്തികളുടെ അവലോകനയോഗത്തിൽ പങ്കെടുത്തവരും യോഗ തീരുമാനങ്ങളും

## യോഗത്തിൽ പങ്കെടുത്തവർ

1. ശ്രീമതി. ജെസ്സി ഹെലൻ ഹമീദ്, സീനിയർ ഫിനാൻസ് ഓഫീസർ, കലക്ടറേറ്റ്
2. കെ. സുകുമാരൻ,ജോയിന്റ്.ബി.ഡി.ഒ, മേലടി
3. സുരേഷ് കുമാർ .ടി.കെ.എ.എക്സ്.ഇ .(ഇൻ ചാർജ്ജ്)കെ.ഡബ്ളിയു.എ. കൊയിലാണ്ടി
4. പവിത്രൻ. അസിസ്റ്റന്റ്.എഞ്ചിനീയർ.കെ.ഡബ്ളിയു.എ..പി.എച്ച്.സെക്ഷൻ - I കൊയിലാണ്ടി
5. സന്തോഷ് കുമാർ,ഓവർസിയർ.കെ.ഡബ്ളിയു.എ.പി.എച്ച്.സെക്ഷൻ – II കൊയിലാണ്ടി
6. കുമാരി മിനി,എഇ.കൊയിലാണ്ടി മുൻസിപ്പാലിറ്റി
7. ദീപ്തി ജയിംസ്,എഇ,പന്തലായനി
8. സജി,എസ്.എസ്,മുൻസിപ്പൽ സെക്രട്ടറി. കൊയിലാണ്ടി
9. ബിനു ജാസ്മിൻ,എ.എക്സ്.ഇ.എൽ.എസ്.ജി.ഡി.മേലടി
10. മുഹമ്മദ് ഇസ്മായിൽ.കെ.ടി.,എഇ.മേലടി
11. ചന്ദ്രശേഖരൻ.ടി.വി.എഇ/എൽ.എസ്.ജി.ഡി.,പയ്യോളി പഞ്ചായത്ത്
12. അമർ.കെ,സെക്രട്ടറി(ഇൻ ചാർജ്ജ്)പയ്യോളി പഞ്ചായത്ത്
13. വി.കെ.മുരളി,സെക്രട്ടറി,തിക്കോടി പഞ്ചായത്ത്
14. പി.വി.സോമൻ.ബി.ഡി.ഒ. പന്തലായനി
15. പ്രവ്വണ ആർ.കെ. PA. to MLA

## യോഗ തീരുമാനങ്ങൾ

യോഗം നടപടികൾ രാവിലെ 11 മണിയോടെ ആരംഭിച്ചു. മുൻ എം.എൽ.എ. ശ്രീ .പി.വിശ്വൻ എന്നവരുടെ കാലത്തുള്ള പ്രവർത്തികളാണ് ആദ്യം അവലോകനം ചെയ്തത്. പ്രവർത്തി തുടങ്ങാനുള്ള സാങ്കേതിക പ്രശ്നങ്ങളും ഫണ്ടിന്റെ അപര്യാപ്തതയും മൂലം താഴെ പറയുന്ന പ്രവർത്തികൾ ബഹു എം.എൽ.എ.കെ.ദാസൻ അവർകളുടെ അനുവാദത്തോടെ റദ്ദ് ചെയ്യാൻ യോഗത്തിൽ തീരുമാനമായി.

1– വള്ളികടവ് ബോട്ട് ലാന്റിംഗ് സെന്റർ,ചേമഞ്ചേരി പഞ്ചായത്ത്(2008–09)

2- വെൽഫെയർ സ്കൂൾ ,മടത്തി പുഴ പാത്ത് റോ (2008 09)

3- ഓടയിൽ മുട് വിയ്യം ചിറ റോഡ്(2009-10)

4 പട്ടതാഴെ കല്ലപ്പ എ..ൽ.പി സ്കൂൾ റോഡ് (2009 10)

5 കിഴക്കാനത്തുമ്മൽ താഴെ ആക്കവയൽ .തുറയൂർ.പഞ്ചായത്ത്(2009-10)

6- ഗവ-ഗേൾസ്.എച്ച്.എസ്.എസ് .കൊയിലാണ്ടി.ബാസ്കറ്റ് ബാൾ കോർട്ട് നിർമ്മാണം(2010-11)

7- ആന്തിച്ചിറ കടിവെള്ള പദ്ധതി,ചേമഞ്ചേരി.പഞ്ചായത്ത്(2010-11)

8- ,പാറക്കമീത്തൽ കടിവെള്ള പദ്ധതി,കീഴരിയൂർ .പഞ്ചായത്ത്(2010-11)

9- നടുവയൽകുനി കടിവെള്ള പദ്ധതി.ചേമഞ്ചേരി.പഞ്ചായത്ത്(2010-11)

10- കൊയിലാണ്ടി കടിവെള്ള പദ്ധതി(2010-11)

11- പുതുക്കടി താഴെ ആനന്ദ് ക്ളിനിക് ഫുട് പാത്ത്.പയ്യോളി പഞ്ചായത്ത്(2010-11)

നിലവിലുള്ള ബഹു എം.എൽ.എ.കെ.ദാസൻ അവർകളുടെ കാലത്ത് അനുവദിക്കപ്പെട്ട താഴെ പറയുന്ന പ്രവർത്തികളും റദ്ദ് ചെയ്യാൻ യോഗത്തിൽ തീരുമാനമായി.

1- മൂലംതോട് കീഴൂർ റോഡ്.പയ്യോളി പഞ്ചായത്ത്(2011-12)

2- കൊയിലാണ്ടി താലൂക്ക് ആശുപത്രി മോർച്ചറിക്ക വേണ്ടി വിശ്രമ മുറി നിർമ്മാണം(2011-12)

3- മൂരാട് പടിഞ്ഞാറെ തിരുത്തി റോഡ്,പയ്യോളി പഞ്ചായത്ത്. (2014-15)

4- കീഴൂർ തെരു ഭഗവതി ക്ഷേത്രം കാട്ടുകളം റോഡ്,പയ്യോളി പഞ്ചായത്ത് (2014-15)

കൊയിലാണ്ടി മണ്ഡലത്തിൽ ഇനിയും പൂർത്തിയാക്കാൻ ബാക്കിയുള്ള എം.എൽ.എ.എസ്.ഡി.എഫ് പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തിയാക്കാൻ എല്ലാ നിർവ്വഹണ ഉദ്യോഗസ്ഥരോട് നിർദ്ദേശിച്ചു.

എം.എൽ.എ.എസ്.ഡി.എഫ് വർക്കുകളുടെ അവലോകനത്തിനു ശേഷം മണ്ഡലത്തിലെ ഫ്ളഡ് പ്രവർത്തികളെ കുറിച്ച് യോഗം അവലോകനം ചെയ്തു. സർക്കാർ ഉത്തരവ് കാലാവധിക്കുള്ളിൽ സമയബന്ധിതമായി എസ്റ്റിമേറ്റ് സമർപ്പിക്കാത്ത റോഡ് പ്രവർത്തികൾ റദ്ദായതായി എസ്.എഫ്.ഒ യോഗത്തിൽ അറിയിച്ചു. ഇങ്ങനെ റദ്ദായതായ പ്രവർത്തികളുടെ ഭരണാനുമതി സർക്കാരിൽ നിന്നും വീണ്ടും ലഭിക്കുന്നതിനായി വേണ്ട നടപടി സ്വീകരിക്കാൻ യോഗത്തിൽ തീരുമാനിച്ചു.

സർക്കാരിൽ നിന്നും ഭരണാനുമതി ലഭിച്ച ഉത്തരവുകൾ എസ്റ്റിമേറ്റ് സമർപ്പിക്കുന്നതിനായി ബന്ധപ്പെട്ട ഗ്രാമ പഞ്ചായത്ത്/ ബ്ലോക്ക് പഞ്ചായത്ത്

എന്നിവിടങ്ങളിലേക്ക് അയച്ചു കൊടുക്കുകയും. എന്നാൽ നിശ്ചിത സമയ പരിധിക്കുള്ളിൽ എസ്റ്റിമേറ്റ് ജില്ലാ കലക്ടറുടെ നിർവഹണാനുമതിക്കായി ലഭിക്കാറില്ല എന്ന് യോഗത്തിൽ വിലയിരുത്തി. ഫ്ലഡ് റോഡ് പ്രവർത്തികളുടെ സർക്കാർ ഉത്തരവ് കാലാവധിയായ 2 വർഷത്തിനുള്ളിൽ തന്നെ എസ്റ്റിമേറ്റ് സമർപ്പിച്ച് പണി പൂർത്തീകരിച്ച് ബില്ലുകൾ സമർപ്പിക്കുവാൻ ശ്രദ്ധിക്കണമെന്നും യോഗത്തിൽ അറിയിച്ചു.

ഫ്ലഡ് റോഡ് പ്രവർത്തികൾ പൂർത്തീകരിച്ച് സമർപ്പിച്ച ബില്ലുകളിൽ നാളിതുവരെയായി തുക ലഭിക്കാത്ത പ്രവർത്തികൾക്ക് സർക്കാരിൽ നിന്നും ഫണ്ട് ലഭിക്കുന്ന മുറക്ക് ബില്ലുകൾ ജില്ലാ കലക്ടർക്ക് സമർപ്പിച്ച സീനിയോറിറ്റിയുടെ അടിസ്ഥാനത്തിൽ നല്കുന്നതാണ് എന്ന് യോഗത്തിൽ അറിയിച്ചു.

യോഗത്തിൽ പങ്കെടുത്ത എല്ലാവർക്കും നന്ദി പറഞ്ഞു കൊണ്ട്, യോഗം 12.30 മണിയോടെ സമാപിച്ചു.

ജില്ലാ കലക്ടർക്ക് വേണ്ടി
Senior Finance Officer
Collectorate, Kozhikode

പകർപ്പ്

1. കെ.ദാസൻ. എം.എൽ.എ.
2. യോഗത്തിൽ പങ്കെടുത്ത എല്ലാവർക്കും
3. ഫയൽ

Section Officer.